## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 741** **02.12.2015 ലെ മറുപടിക്ക്**

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. എ.എം. ആരിഫ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശന മേൽനോട്ടത്തിനും ഫീസ് നിയന്ത്രണത്തിനുമായി രൂപീകരിച്ചിട്ടുള്ള ജെ.എം. ജയിംസ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) 2015-16 വർഷത്തെ സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ടും ഫീസ് നിർണ്ണയത്തിലും പ്രസ്തുത സമിതി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) 2015-16 വർഷത്തെ സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് സ്വാശ്രയ മെഡിക്കൽ കോളേജുകൾ സ്വീകരിക്കേണ്ട രീതികളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ 28.5.2015-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം പ്രവർത്തിക്കുന്നുണ്ടോയെന്ന് മുൻ കൊല്ലങ്ങളിലെപ്പോലെ തന്നെ സമിതി മേൽനോട്ടം വഹിക്കുന്നുണ്ട്. എല്ലാ സ്വകാര്യ മെഡിക്കൽ കോളേജുകളുടെയും പ്രോസ്പെക്ടസുകൾ പരിശോധിച്ച് വിശദമായ നിർദ്ദേശങ്ങളും നിബന്ധനകളും പ്രത്യേകമായി അതാത് മെഡിക്കൽ കോളേജുകൾക്ക് നൽകിയിട്ടുണ്ട്. ഏതെങ്കിലും സ്വകാര്യ മെഡിക്കൽ കോളേജ് അമിതമായ ഫീസ് ഈടാക്കിയതായി |

പരാതി ലഭിക്കുമ്പോഴൊക്കെ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി നിയമാനുസരണം നടപടിയെടുത്ത് ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്വകാര്യ മെഡിക്കൽ കോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാരും അതാത് കോളേജുകളുമായി കരാറുകൾ ഒപ്പു വച്ചതിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് സീറ്റുകൾക്കും സർക്കാർ സീറ്റുകൾക്കും എൻ.ആർ.ഐ. സീറ്റുകളിലേയ്ക്കുമുള്ള ട്യൂഷൻ ഫീസ് നിശ്ചയിച്ചിട്ടുണ്ട്. മറ്റ് ഫീസിനങ്ങളിൽ പരാതിയുള്ളപക്ഷം പരാതിക്കാരെയും സ്വകാര്യ കോളേജിനെയും വാദം കേട്ടശേഷം അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി ഫീസ് നിർണ്ണയിക്കുന്നതാണ്.

(സി) സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ മാനേജുമെന്റുകൾ മാനേജുമെന്റ് സീറ്റിൽ പ്രവേശനം നടത്തുന്ന രീതിയും അതിന് അവലംബിച്ചിട്ടുള്ള മാനദണ്ഡവും വിശദമാക്കുമോ; പ്രവേശനം സുതാര്യമാണെന്ന് ഉറപ്പാക്കാൻ കമ്മിറ്റിക്ക് സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ സ്വാശ്രയ കോളേജുകൾ മാനേജ്മെന്റ് സീറ്റുകളിലേയ്ക്ക് പ്രവേശനം നൽകുന്നതിന് അവലംബിച്ചിട്ടുള്ള മാനദണ്ഡവും രീതിയും ബഹു: സുപ്രീം കോടതിയുടെ TMA PAI Foundation Vs State of Karnataka (2002 8 Supreme Court Cases 481), Islamic Academy of Education Vs State of Karnataka (2003 6 Supreme Court Cases 697), P A Inaamdhar Vs State of Maharashtra (2005 6 Supreme Court Cases 537) എന്നീ കേസുകളുടെയും ബഹു: കേരള ഹൈക്കോടതിയിലെ താഴെ പറയുന്ന കേസുകളിലെ തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ കൈക്കൊണ്ടുവരുന്നു.

1. 2013 (3) KLT 316 (Kerala Private Medical College Management Association Vs ASC and Others).
2. W.P(C) No.122/15 (Principal, Noorul Islam College Vs ASC and others).
3. 2011 (3) KLT 753 (Amina Nahna Vs State of Kerala and others).
4. W.P(C) 9218/15 and connected W.P.(C)s (The Principal, Karuna Medical College and others)

(ഡി) 2016 ലെ എം.ബി.ബി.എസ്. പ്രവേശനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത് സ്വകാര്യ സ്വാശ്രയ കോളജുകളുമായി പുതിയ കരാറിൽ എത്തിയതിനു ശേഷമാണോ; അല്ലെങ്കിൽ അടുത്ത വർഷത്തെ പ്രവേശനം ഏത് രീതിയിൽ നിയന്ത്രിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) അല്ല. മുൻവർഷം സർക്കാരുമായി കരാറൊപ്പിട്ട സ്വകാര്യ സ്വാശ്ര കോളേജുകളെയായിരിക്കും ഇത്തവണയും അവർ കരാറൊപ്പിടുമെന്ന പ്രതീക്ഷയിൽ ഈ വർഷത്തെ മെഡിക്കൽ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയത്. 2016 ലെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് സ്വകാര്യ സ്വാശ്രയ കോളേജുകളുമായി ചർച്ചകൾ ആരംഭിച്ചിട്ടില്ല. ചർച്ച നടത്തി കരാറിലെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ